സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.53/17/Sab.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
11-09-2017

## Corrigendum

വിഷയം :- ശബരിമല ദേവസ്വം 1193-എം.ഇ. മഹോത്സവം വിവിധ കുത്തകകൾ ഇ-ടെന്റർ ചെയ്യുന്നത് സംബന്ധിച്ച്.

കൊല്ലവർഷം 1193-ലെ ശബരിമല മഹോത്സവം സംബന്ധിച്ച് 29-08-2017-ൽ ആർ.ഒ.സി.53/2017/ശബ. നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള കുത്തക വിവരസ്റ്റേറ്റ്മെന്റിൽ ചുവടെ വിവരിക്കുന്ന ഭേദഗതികൾ ഉണ്ടായിരിക്കുന്നതാണെന്ന് അറിയിക്കുന്നു.

**ക്രമ നമ്പർ - 3** :- പ്രസ്തുത കുത്തകയോടനുബന്ധിച്ച് മാളികപ്പുറം കടമുറി നമ്പർ 34 അനുവദിക്കുന്നതല്ല.

**ക്രമ നമ്പർ - 19 -A** :- ചുവടെ വിവരിക്കുന്ന ലഘുഭക്ഷണ ശാല ടെന്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെന്റർ വിവരം, കാറ്റഗറി, ക്വാട്ട് ചെയ്യേണ്ട മിനിമം തുക, ഇ.എം.ഡി. തുക എന്നിവ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 19 A | LFS-2 ശബരിമല പോസ്റ്റാഫീസ് കെട്ടിടത്തിന് തെക്ക് വശം പെർമെനന്റായി കെട്ടിയിട്ടുള്ള കെട്ടിടത്തിൽ 9 X 8 m അള വിൽ ഉള്ള കടമുറിയിൽ ലഘുഭക്ഷണശാല നടത്തുന്നതിനുള്ള അവകാശം മാളികപ്പുറം 24-ാം നമ്പർ വിരിഷെഡ് മൂന്നായി ഭാഗിച്ചതിൽ തെക്കെ അറ്റത്തെ ഭാഗം ഗോഡൗണായി ഉപയോഗിക്കാവുന്നതാണ്. | എ | 1,34,70,666 | 7,80,000 |

ക്രമ നമ്പർ - 85, 86, 87, 89 എന്നിവയുടെ കാറ്റഗറി, മിനിമം ക്വാട്ട് ചെയ്യേണ്ട തുക, ഇ.എം.ഡി. എന്നിവ ചുവടെ ചേർക്കുന്നു. :-

| | | | | |
|---|---|---|---|---|
| 85 | **ലഘുഭക്ഷണശാല- 5 (LFS -5)**<br>പമ്പ രാമമൂർത്തി മണ്ഡപത്തിന് സമീപം പ്ലാനിൽ കാണിച്ചിരിക്കുന്നതും ഇന്റർ ലോക്ക് പാകിയിരിക്കുന്നതുമായ വഴി സൗകര്യമുള്ളതുമായ സ്ഥലത്ത് സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം | എ | 27,00,000 | 1,35,000 |
| 86 | **ലഘുഭക്ഷണശാല- 6 (LFS -6)**<br>പമ്പ രാമമൂർത്തി മണ്ഡപത്തിന് സമീപം പ്ലാനിൽ കാണിച്ചിരിക്കുന്നതും ഇന്റർ ലോക്ക് പാകിയിരിക്കുന്നതുമായ വഴി സൗകര്യമുള്ളതുമായ സ്ഥലത്ത് സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം | എ | 31,00,000 | 1,55,000 |
| 87 | **ലഘുഭക്ഷണശാല- 7 (LFS -7)**<br>ത്രിവേണി പാർക്കിംഗ് ഗ്രൗണ്ടിലേക്ക് ഇറങ്ങുന്ന വഴിയുടെ എതിർ വശം ഓടയ്ക്ക് മുകളിൽ പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം 4 X 3 M അളവിൽ ഉള്ള സ്ഥലം (ഡ്രെനേജിന് തടസ്സം ഉണ്ടാകരുത്) | സി | 8,70,000 | 43,500 |
| 89 | **മെഡിക്കൽ സ്റ്റോർ**<br>ഗണപതികോവിലിലേക്കുള്ള പടിക്കെട്ടിന്റെ അടിഭാഗത്ത് പുതിയതായി കെട്ടിയമുറി (ഹോസ്പിറ്റലിന് സമീപം) 9 X 3.75 M അളവിൽ സ്ഥിരം കെട്ടിടത്തിൽ ഒരു മെഡിക്കൽ സ്റ്റോർ നടത്തുന്നതിന് ടി പടിക്കെട്ടിന്റെ അടിഭാഗത്ത് 4 M X 9 M അളവിൽ സ്ഥലം കെട്ടി അടച്ച് മെഡിക്കൽസ്റ്റോറിന്റെ ഗോഡൗണായി ഉപയോഗിക്കാവുന്നതാണ്. (ആവശ്യമായ ലൈൻസും സർട്ടിഫിക്കറ്റുകളും കുത്തകക്കാരൻ ലഭ്യമാക്കീയിരിക്കേണ്ടതും പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്) | സി | 5,00,000 | 25,000 |

ക്രമ നമ്പർ - 49 പ്രസ്തുത പഴക്കടയിൽ പഴങ്ങളും പഴവർഗ്ഗങ്ങളും വിൽപ്പന നടത്താവുന്നതാണ്.
ക്രമ നമ്പർ -77 - കോഫിലാന്റ് ഹോട്ടലിനു മുകളിലത്തെ നില ഹോട്ടൽ ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ഗോഡൗൺ സൗകര്യത്തിനും കുത്തകക്കാരന് നൽകുന്നതാണ്.

**കൂടാതെ തണ്ണിമത്തൻ വിവിധ സ്റ്റാളുകളിൽ എത്തിക്കുന്നതിനുള്ള കുത്തകാവകാശം പ്രത്യേകമായി ടെൻഡർ ചെയ്യുന്നതായിരിക്കും.**

മിനിമം കോട്ടുചെയ്യേണ്ട തുക മാനദണ്ഡമാക്കി ലേലത്തുകകളിൽ **25** ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവയെ **'എ'** കാറ്റഗറിയായും, **10** ലക്ഷം രൂപയ്ക്ക് മുകളിൽ **25** ലക്ഷം രൂപാവരെ **'ബി'** കാറ്റഗറിയായും, **1** ലക്ഷം രൂപയ്ക്കുമുകളിൽ **10** ലക്ഷം രൂപവരെ **'സി'** കാറ്റഗറിയായും **1** ലക്ഷം രൂപവരെ **'ഡി'** കാറ്റഗറിയായും പരിഗണിക്കുന്നതും അതനുസരിച്ച് കുത്തക ഗഡുക്കൾ ഒടുക്കുവരുത്തേണ്ടതുമാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ.